പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 4810 27/06/2014-ലെ മറുപടിയ്ക്ക്

ആർ.കെ.വി.വൈ പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി. വിജയദാസ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ആർ.കെ.വി.വൈ പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെയും ലഭ്യമാക്കുന്ന തുകയുടെയും വിശദവിവരങ്ങൾ നൽകുമോ; | എ) ആർ.കെ.വി.വൈ പദ്ധതി മണ്ഡലം അടിസ്ഥാനത്തിലല്ല നടപ്പിലാക്കുന്നത്. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സമർപ്പിക്കുന്ന പദ്ധതികളാണ് ആർ.കെ.വി.വൈയിൽ അംഗീകരിക്കുന്നത്.<br><br>ആർ.കെ.വി.വൈ 2012-13 ൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന കന്നുക്കുട്ടി പരിപാലന പദ്ധതിയുടെ (കാഫ് അഡോപ്ഷൻ പ്രോഗ്രാം) 50 യൂണിറ്റുകൾ കോങ്ങാട് നിയോജക മണ്ഡലത്തിലെ കാരാക്കുറിശ്ശി പഞ്ചായത്തിൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ കന്നുക്കുട്ടികൾക്ക് 32 മാസം/ആദ്യപ്രസവം വരെ ധാതുലവണ മിശ്രിതം, ആരോഗ്യസംരക്ഷണം, ഇൻഷ്വറൻസ് എന്നിവ നൽകുന്നു. കാരാക്കുറുശ്ശി പഞ്ചായത്തിൽ പദ്ധതി നടത്തിപ്പിനായി 7,36,250/- രൂപയാണ് സഹായധനമായി അനുവദിക്കുന്നത്. ഇതിൽ ആദ്യവർഷത്തെ സബ്സിഡിയായ 2,80,300/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തിനു വേണ്ടി പാലക്കാട് പി.എ.ഒ എത്ര നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുളളത്; വിശദവിവരങ്ങൾ നൽകുമോ? | ബി) നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ